**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3758** **15-07-2022 - ല്‍ മറുപടിയ്ക്ക്**

**സ്പ്രിംഗ്ലര്‍ കരാറിലെ അന്വേഷണങ്ങള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി സി വിഷ്ണുനാഥ്,<br>ശ്രീ . ഷാഫി പറമ്പില്‍ ,<br>ശ്രീ. തിരുവഞ്ചൂര്‍ രാധാകൃഷ്ണന്‍ ,<br>ഡോ. മാത്യു കുഴല്‍നാടന്‍ | | ശ്രീ. പിണറായി വിജയന്‍<br>(മുഖ്യമന്ത്രി) | |
| (എ) | കോവിഡ് കാലത്ത് ജനങ്ങളുടെ ആരോഗ്യ ഡേറ്റ സമാഹരിക്കുന്നതിനായി സ്പ്രിംഗ്ലര്‍ കമ്പനിയുമായി ഉണ്ടാക്കിയ കരാര്‍ വിവാദങ്ങള്‍ ഉയര്‍ന്നതിനെ തുടര്‍ന്ന് റദ്ദാക്കിയിരുന്നോ; | (എ) | കോവിഡ് കാലത്ത് സ്പ്രിംഗ്ലര്‍ കമ്പനിയുമായി ഏര്‍പ്പെട്ട ആറ് മാസത്തേയ്ക്കുള്ള കരാര്‍ പ്രസ്തുത കാലാവധിയ്ക്ക് ശേഷം തുടരേണ്ടതില്ല എന്ന് തീരുമാനിച്ചു. |
| (ബി) | പ്രസ്തുത കരാര്‍ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിനായി നിയോഗിച്ച മാധവന്‍ നമ്പ്യാര്‍ കമ്മിറ്റി റിപ്പോര്‍ട്ട് സമര്‍പ്പിച്ചിരുന്നോ; എങ്കില്‍ പ്രസ്തുത റിപ്പോര്‍ട്ടിലെ കണ്ടെത്തലുകള്‍ എന്തൊക്കെയായിരുന്നുവെന്നും ഈ കണ്ടെത്തലുകളുടെ അടിസ്ഥാനത്തില്‍ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ; | (ബി) | സമര്‍പ്പിച്ചിരുന്നു. പ്രസ്തുത റിപ്പോര്‍ട്ടില്‍ സ്പ്രിംഗ്ലര്‍ കമ്പനിയെ കോവിഡ്-19 മഹാമാരിയുടെ നിര്‍വ്യാപന പ്രവര്‍ത്തനവുമായി ബന്ധപ്പെട്ടുള്ള പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുത്തിയപ്പോള്‍ സാധാരണയായി പാലിക്കേണ്ട നടപടിക്രമങ്ങള്‍ പാലിക്കുവാന്‍ സാധിച്ചിട്ടില്ല എന്നും, അതിനൂതനവും സങ്കീര്‍ണ്ണവുമായ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സംബന്ധിച്ചുള്ള പ്രവര്‍ത്തനങ്ങള്‍ക്കായി ബന്ധപ്പെട്ട് ഈ മേഖലയിലുള്ള സര്‍ക്കാര്‍ ഏജന്‍സികള്‍ക്ക് വേണ്ടത്ര കാര്യപ്രാപ്തിയില്ലെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത റിപ്പോര്‍ട്ടില്‍ ഭാവിയില്‍ ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉടലെടുത്താല്‍ സ്വീകരിക്കേണ്ട നടപടിക്രമങ്ങള്‍ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളില്‍ വ്യക്തമായ നിര്‍ദ്ദേശങ്ങള്‍ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങള്‍ കൂടി പരിഗണിച്ച് കൊണ്ട് റിപ്പോര്‍ട്ട് സമര്‍പ്പിക്കുന്നതിനായിയാണ് റിട്ട. ജില്ലാ ജഡ്ജിയും മുന്‍ നിയമവകുപ്പ് സെക്രട്ടറിയുമായിരുന്ന ശ്രീ. കെ. ശശിധരന്‍ നായര്‍ അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചത്. |
| (സി) | മാധവന്‍ നമ്പ്യാര്‍ കമ്മീഷന്‍ റിപ്പോര്‍ട്ട് വസ്തുതാപരമല്ല എന്ന് സര്‍ക്കാര്‍ വിലയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കില്‍ കരാര്‍ സംബന്ധിച്ച് അന്വേഷണത്തിനായി മറ്റൊരു കമ്മിറ്റിയെ നിയോഗിക്കാനുള്ള കാരണം വ്യക്തമാക്കുമോ; | (സി) | സമര്‍പ്പിച്ചിരുന്നു. പ്രസ്തുത റിപ്പോര്‍ട്ടില്‍ സ്പ്രിംഗ്ലര്‍ കമ്പനിയെ കോവിഡ്-19 മഹാമാരിയുടെ നിര്‍വ്യാപന പ്രവര്‍ത്തനവുമായി ബന്ധപ്പെട്ടുള്ള പ്രവര്‍ത്തനങ്ങളില്‍ ഏര്‍പ്പെടുത്തിയപ്പോള്‍ സാധാരണയായി പാലിക്കേണ്ട നടപടിക്രമങ്ങള്‍ പാലിക്കുവാന്‍ സാധിച്ചിട്ടില്ല എന്നും, അതിനൂതനവും |

| | | | |
|---|---|---|---|
| | | | സങ്കീർണ്ണവുമായ വിവരസാങ്കേതിക വിദ്യയുടെ ഉപയോഗം സംബന്ധിച്ചുള്ള പ്രവർത്തനങ്ങൾക്കായി ബന്ധപ്പെട്ട് ഈ മേഖലയിലുള്ള സർക്കാർ ഏജൻസികൾക്ക് വേണ്ടത്ര കാര്യപ്രാപ്തിയില്ലെന്നും കണ്ടെത്തിയിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഭാവിയിൽ ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉടലെടുത്താൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്നുമുള്ള കാര്യങ്ങളിൽ വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയിരുന്നില്ല. ഇക്കാര്യങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിനായിയാണ് റിട്ട. ജില്ലാ ജഡ്ജിയും മുൻ നിയമവകുപ്പ് സെക്രട്ടറിയുമായിരുന്ന ശ്രീ. കെ. ശശിധരൻ നായർ അധ്യക്ഷനായ മൂന്നംഗ കമ്മിറ്റിയെ നിയോഗിച്ചത്. |
| (ഡി) | പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എത്ര കാലയളവിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദ്ദേശിച്ചിരുന്നതെന്നും പ്രസ്തുത റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്നും റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും അറിയിക്കാമോ? | (ഡി) | ശ്രീ. കെ. ശശിധരൻ നായർ അധ്യക്ഷനായ മൂന്നംഗ കമ്മിറ്റി സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചിരുന്നു. രണ്ടു മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാനാണ് നിർദേശിച്ചിരുന്നത്. പ്രസ്തുത റിപ്പോർട്ടിൽ, സ്പ്രിംഗ്ലർ കമ്പനിയെ കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സങ്കീർണ്ണമായ വിവരസാങ്കേതിക വിദ്യയുടെ ചുമതല ഏൽപ്പിക്കുന്നതിൽ ദുരുദ്ദേശപരമായ വീഴ്ച ഉണ്ടായിട്ടില്ല എന്ന് കമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. സ്പ്രിംഗ്ലർ കമ്പനിയെ നിയോഗിച്ചത് വഴി സംസ്ഥാന താല്പര്യം ഹനിക്കപ്പെട്ടതായി യാതൊരു തെളിവും കമ്മിറ്റിയ്ക്ക് ലഭിച്ചിട്ടില്ലായെന്നുള്ള കാര്യവും റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്. കമ്മിറ്റിയുടെ ശിപാർശകൾ സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ